## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 580 28.09.2016-ന് മറുപടിയ്ക്ക്**

### ഫോറസ്റ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മണിയാറൻകുടി-ഉടുമ്പന്നൂർ ഫോറസ്റ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കു നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചെന്നും, ഭരണാനുമതി നൽകി ഉത്തരവ് ഇറങ്ങിയത് എന്നാണെന്നും വ്യക്തമാക്കാമോ ; | (എ) | മണിയാറൻകുടി-ഉടുമ്പന്നൂർ ഫോറസ്റ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കു നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 03.03.2016 ലെ 98/2016/വനം വന്യജീവി വകുപ്പ് സർക്കാർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി ലഭിച്ചത്. |
| (ബി) | പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ പണി ആരംഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ പണി ആരംഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. ഫോറസ്റ്റ് ( കൺസർവേഷൻ ആക്ട്)- 1980 ന്റെ വ്യവസ്ഥകൾ അനുസരിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്ക് വിധേയമായിട്ടാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (സി)<br><br>&<br>(ഡി) | പ്രസ്തുത റോഡിന്റെ പ്രവൃത്തികൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;<br><br>പ്രസ്തുത ഉത്തരവ് പ്രകാരം നീക്കിവച്ചിട്ടുള്ള തുക | (സി)<br>&<br>(ഡി) | മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പ്രവൃത്തികൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള ഒരു പൂർണ്ണമായ പ്രൊപ്പോസൽ യൂസർ ഏജൻസിയായ PWD Roads Division തൊടുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 30.06.2015-ാം തീയതി കോതമംഗലം |

| | | | |
|---|---|---|---|
| | ലാപ്പാകുന്നതിന് മുൻപ് പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | | ഡിവിഷനിൽ സമർപ്പിച്ചിരുന്നതും ആയത് കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകികൊണ്ട് കോതമംഗലം ഡിവിഷനിലെ 01.08.2015 തീയതിയിലെ എ 3-4505/2016 കത്ത് പ്രകാരം യൂസർ ഏജൻസിക്ക് നിർദ്ദേശം കൊടുത്തിട്ടുള്ളതുമാണ്. യൂസർ ഏജൻസി ടി പ്രൊപ്പോസൽ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്ത ശേഷം മാത്രമേ ടി വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**